REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- നിപാ രോഗബാധയുമായി ബന്ധപ്പെട്ട് ഏഴു പേരുടെ സ്രവ പരിശോധനാ ഫലം നെഗറ്റീവെന്ന് മന്ത്രി വീണാ ജോർജ്.
- നാല് ശാസ്ത്രജ്ഞർ ഉൾപ്പെടെ ആറംഗ - ICMR - സംഘം കോഴിക്കോട്ടെത്തി.
- പാർലമെന്റ് ബജറ്റ് സമ്മേളനം ഇന്ന് ആരംഭിക്കും. കേന്ദ്ര ബജറ്റ് നാളെ ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിക്കും.
- ഇന്ത്യയുടെ പൈതൃകം ചരിത്രം മാത്രമല്ല, ശാസ്ത്രം കൂടിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- കർണാടകയിലെ ഷിരൂരിൽ മണ്ണിടിഞ്ഞ് കാണാതായ അർജ്ജുന് വേണ്ടി ഏഴാം ദിവസമായ ഇന്നും തെരച്ചിൽ തുടരും.
- മൂന്നാർ ചിന്നക്കനാലിൽ കാട്ടാനക്കൂട്ടത്തിന്റെ ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു.

## വാർത്തകൾ വിശദമായി

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് പുറത്തു വന്ന ഏഴു പേരുടെ സ്രവ പരിശോധനാ ഫലം നെഗറ്റീവ് ആണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ ബാധിച്ച് മരിച്ച 14 കാരന്റെ കൂട്ടുകാരായ ആറു പേരുടെയും 68

കാരനായ മറ്റൊരു വ്യക്തിയുടെയും സ്രവ പരിശോധനാ ഫലമാണ് പുറത്തു വന്നത്. നിപ അവലോകന യോഗത്തിന് ശേഷം മലപ്പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. കൂട്ടുകാരായ ആറു പേരും കുട്ടിയുമായി നേരിട്ട് സമ്പർക്കം ഉള്ളവരായിരുന്നുവെന്നും മന്ത്രി പറഞ്ഞു. 68-കാരനായ വ്യക്തിക്ക് നേരിട്ട് സമ്പർക്കമില്ലെങ്കിലും പനി ബാധിച്ച സാഹചര്യത്തിൽ സാമ്പിൾ പരിശോധിക്കുകയായിരുന്നു. ഓരോരുത്തരുടെയും മൂന്നു സാമ്പിൾ വീതമാണ് പരിശോധനയ്ക്ക് അയച്ചിരുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

............വോയ്സ്..........

സമ്പർക്ക പട്ടികയിൽ നിലവിൽ 330 പേരുണ്ടെന്നും ഇതിൽ 68 പേർ ആരോഗ്യ പ്രവർത്തകരാണെന്നും മന്ത്രി അറിയിച്ചു. 101 പേരാണ് ഹൈറിസ്ക് കാറ്റഗറിയിൽ. ഏഴു പേർ ആശുപത്രിയിൽ ചികിത്സയിലാണ്. ആറു പേർ മഞ്ചേരി മെഡിക്കൽ കോളേജിലും ഒരാൾ കോഴിക്കോട് മെഡിക്കൽ കോളജിലുമാണ് ചികിത്സയിലുള്ളത്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിലെ ആർക്കും രോഗ ലക്ഷണങ്ങൾ ഇല്ലെന്നും മന്ത്രി പറഞ്ഞു.

സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേരുടെയും സ്രവം എടുത്തു പരിശോധിച്ച് രോഗമില്ലെന്ന് ഉറപ്പാക്കും. സമ്പർക്ക പട്ടികയിൽ നിന്നും ആരും വിട്ടുപോയിട്ടില്ലെന്ന കാര്യം വീണ്ടും പരിശോധിച്ച് ഉറപ്പാക്കും. രോഗം ബാധിച്ച് മരണപ്പെട്ട കുട്ടിയുടെ കൂടുതൽ വിവരങ്ങളടങ്ങിയതും കൂടുതൽ

വ്യക്തതയുമുള്ള റൂട്ട് മാപ്പ് പുറത്തിറക്കും. ഈ റൂട്ട് മാപ്പ് പരിശോധിച്ച ശേഷം സമ്പർക്ക പട്ടികയിൽ ഉൾപ്പെടാൻ സാധ്യതയുള്ളവർ കൺട്രോൾ റൂമിൽ ബന്ധപ്പെടണമെന്നും മന്ത്രി അറിയിച്ചു.

ഇന്നലെ ഉച്ചയ്ക്ക് ശേഷം നടത്തിയ സർവ്വേയിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ 307 വീടുകളിൽ 18 പനിക്കേസുകളും, ആനക്കയത്ത് 310 വീടുകളിൽ 10 പനിക്കേസുകളും റിപ്പോർട്ട് ചെയ്തു. ഇവരാരും സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരല്ലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

നിപ ബാധിച്ച് ഇന്നലെ മരിച്ച 14 വയസുകാരന്റെ മൃതദേഹം ഖബറടക്കി. ആരോഗ്യവകുപ്പിന്റെ പ്രോട്ടോകോൾ പാലിച്ച് വൈകീട്ട് 7.30ഓടെ ഒടോമ്പറ്റ പഴയ ജുമാമസ്ജിദ് ഖബർസ്ഥാനിലാണ് മറവു ചെയ്തത്. മൃതദേഹം എത്തിക്കുന്നതിന് മുന്നോടിയായി വൻ പൊലീസ് സന്നാഹവും ആരോഗ്യ പ്രവർത്തകരും 30-ഓളം ട്രോമാകെയർ വളന്റിയർമാരും സ്ഥലത്തെത്തിയിരുന്നു.

✪✪✪

നിപവൈറസ് രോഗബാധയെ തുടർന്ന് മലപ്പുറം സ്വദേശിയായ 14കാരൻ മരിച്ച സാഹചര്യത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് - ICMR - സംഘം ഇന്നലെ രാത്രി വിമാനമാർഗം കോഴിക്കോട്ടെത്തി. നാല് ശാസ്ത്രജ്ഞരും രണ്ട് ടെക്ക്നിക്കൽ വിദഗ്ധരുമാണ് സംഘത്തിൽ. നിപ വൈറസ് രോഗം തടയാൻ അടിയന്തര

പൊതുജനാരോഗ്യ നടപടികൾക്ക് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശം നൽകിയിരുന്നു. നിപ്പാ വൈറസ് രോഗത്തിന്റെ പരിശോധനയ്ക്കും രോഗ വ്യാപന സാധ്യത തിരിച്ചറിയുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സംസ്ഥാനത്തിന് പിന്തുണ നൽകുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ദേശീയ 'ഏക ആരോഗ്യ ദൗത്യത്തിൽ' നിന്നും പകർച്ചവ്യാധി പ്രതിരോധത്തിനായി സംയുക്ത സംഘത്തെ വിന്യസിക്കും.

സംസ്ഥാനത്തിന്റെ അഭ്യർത്ഥനപ്രകാരം, രോഗികളുടെ പരിപാലനത്തിനായി മോണോക്ലോണൽ ആന്റിബോഡികൾ, ICMR എത്തിച്ചിട്ടുണ്ട്.

അതിനിടെ, നിപ വൈറസ് ബാധ സംശയിക്കുന്നവരുടെ സ്രവ പരിശോധന കൂടുതൽ എളുപ്പമാക്കുന്നതിന് മൊബൈൽ ബിഎസ്എൽ-3 ലബോറട്ടറി ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിക്കും. ഇതോടെ പൂനെയിലെ നാഷനൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന സ്രവ പരിശോധന മെഡിക്കൽ കോളേജിൽ തന്നെ നടത്താനും ഫലം വേഗത്തിൽ തന്നെ ലഭ്യമാക്കാനും സാധിക്കും.

✪✪✪

അതിനിടെ, നിപ പ്രതിരോധത്തിൽ പ്രത്യേക പരിശീലനം ലഭിച്ച നാലംഗ ടീമിനെ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിയോഗിക്കും. നിപ ബാധ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ മെഡിക്കൽ കോളേജിലെ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്. മന്ത്രി വീണാ

ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തതെന്ന് മെഡിക്കൽ കോളെജ് അധികൃതർ അറിയിച്ചു.

നിപ സാഹചര്യത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് രോഗികൾ അല്ലാത്തവരുടെ അനാവശ്യ സന്ദർശനങ്ങൾ പരമാവധി ഒഴിവാക്കണമെന്നും അധികൃതർ പറഞ്ഞു. ചികിത്സയ്ക്കായി വരുന്നവർ മുൻകരുതൽ നടപടിയെന്ന നിലയിൽ മാസ്ക്ക് ധരിക്കണം.

പിജി ഡോക്ടർമാർ, ഹൗസ് സർജൻമാർ ഉൾപ്പെടെ നേരത്തേ പരിശീലനം ലഭിച്ചിട്ടില്ലാത്തവർക്കായി റീഓറിയന്റേഷൻ പ്രോഗ്രാം ഇന്ന് ആരംഭിക്കും. സാംപിൾ കളക്ഷൻ, നിപ പ്രതിരോധം, ചികിത്സ ഉൾപ്പെടെ കാര്യങ്ങളിൽ പ്രത്യേക പരിശീലനം നൽകും.

✪✪✪

അയൽ ജില്ലയായ മലപ്പുറത്ത് നിപ്പ മരണം നടന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ദുരന്ത നിവാരണ അതോറിറ്റി സുരക്ഷാ മുൻകരുതലുകൾ വിലയിരുത്തി. മലപ്പുറം ജില്ലയോട് ചേർന്ന് കിടക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ബോധവത്കരണവും ജാഗ്രത നിർദ്ദേശവും നൽകുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനു മോൾ അറിയിച്ചു. സ്വകാര്യ ആശുപത്രി അധികൃതരുടെ യോഗം അടുത്ത ദിവസം തന്നെ ഡി.എം.ഒ യുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കാൻ ജില്ല കലക്ടർ നിർദ്ദേശം നൽകി. ഐസൊലേഷൻ വാർഡുകൾ സംബന്ധിച്ച്

ചർച്ച നടത്തുമെന്നും ജില്ലാ കലക്ടർ യോഗത്തിൽ വ്യക്തമാക്കി.

✪✪✪

ഇന്ന് പ്ലസ് വൺ അലോട്ട്മെന്റ് നടക്കുന്ന സാഹചര്യത്തിൽ പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്ത് പരിധികളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി മലപ്പുറം ജില്ലാ കളക്ടർ V.R വിനോദ് ഉത്തരവിട്ടു.

ഈ പഞ്ചായത്തുകളിലെ സ്കൂളുകളിൽ അഡ്മിഷനായി വരുന്ന വിദ്യാർഥികളും, ജില്ലയിലെ മറ്റ് സ്കൂളുകളിലേക്ക് അഡ്മിഷനായി പോകുന്ന ഈ പഞ്ചായത്തുകളിലെ വിദ്യാർഥികളും, സ്കൂൾ അധികൃതരും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് കലക്ടർ പറഞ്ഞു.

സമ്പർക്ക പട്ടികയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ പൊതുഗതാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ പാടില്ല.

✪✪✪

കാലിക്കറ്റ് സർവകലാശാലാ കാമ്പസിലും നിയന്ത്രണം ഏർപ്പെടുത്തി.

മാസ്കും സാനിറ്റൈസറും നിർബന്ധമാക്കി. കണ്ടെയിൻമെന്റ് മേഖലയിൽ നിന്ന് വരുന്നവർക്ക് വർക് ഫ്രം ഹോം ഏർപ്പെടുത്തി. ഒരാഴ്ചത്തേക്ക് സെമിനാറുകൾ, ശില്പശാലകൾ, ഉൾപ്പെടെ പരിപാടികൾ പാടില്ലെന്നും സർവ്വകലാശാല അറിയിച്ചു.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം ഇന്ന് ആരംഭിക്കും. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്......

സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഇന്ന്, സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകളും വിശകലനങ്ങളും നൽകുന്ന - 2023-24-ലെ സാമ്പത്തിക സർവേ ധനമന്ത്രി പാർലമെന്റിൽ അവതരിപ്പിക്കും.

മൂന്നാം നരേന്ദ്ര മോദി ഗവൺമെന്റിന്റെ ആദ്യ ബജറ്റാണ് നാളെ അവതരിപ്പിക്കുന്നത്. കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിന്റെ ബജറ്റും അവതരിപ്പിക്കും. ഈ സമ്മേളനത്തിൽ ആറ് പുതിയ ബില്ലുകൾ ഗവൺമെന്റ് അവതരിപ്പിച്ചേക്കും. ദുരന്തനിവാരണ (ഭേദഗതി) ബിൽ, ബോയിലേഴ്സ് ബിൽ, ഭാരതീയ വായുയാൻ വിധേയക്, കാപ്പി (പ്രമോഷൻ ആൻഡ് ഡെവലപ്മെന്റ്) ബിൽ, റബ്ബർ (പ്രമോഷൻ ആൻഡ് ഡെവലപ്മെന്റ്) ബിൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അടുത്ത മാസം 12ന് സമാപിക്കുന്ന സമ്മേളനത്തിൽ 16 ദിവസം സഭ സമ്മേളിക്കും.

✪✪✪

ഇന്ത്യയുടെ പൈതൃകം ചരിത്രം മാത്രമല്ല, ശാസ്ത്രം കൂടിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ലോക പൈതൃക സമിതിയുടെ 46-ാമത് സെഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ആഗോള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് മോദി പറഞ്ഞു. 350-ലധികം പുരാതന പൈതൃക കേന്ദ്രങ്ങൾ ഗവൺമെന്റ് തിരികെ കൊണ്ടുവന്നതായി പ്രധാനമന്ത്രി പറഞ്ഞു.

യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രത്തിലേക്ക് 10 ലക്ഷം ഡോളർ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

ഈ മാസം 31 -ന് അവസാനിയ്ക്കുന്ന ലോക പൈതൃക സമിതി യോഗത്തിന് ഇന്ത്യ ആദ്യമായാണ് ആതിഥേയത്വം വഹിക്കുന്നത്.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിഞ്ഞ് കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി രാവിലെ തെരച്ചിൽ പുനഃരാരംഭിക്കും. റഡാർ പരിശോധനയിൽ അർജുന്റെ ലോറിയുടെതെന്ന് സംശയിച്ച സിഗ്നൽ ലഭിച്ച സ്ഥലത്തെ മണ്ണ് നീക്കം ചെയ്തുവെങ്കിലും ലോറി കണ്ടെത്താനായില്ല. ഡീപ്

സെർച്ച് മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് ഇന്ന് പരിശോധന നടത്തിയേക്കും. പരിശോധന പുഴയിലേക്കും വ്യാപിപ്പിക്കും.

പുഴയിലെ പരിശോധന അതിസങ്കീർണ്ണമാണെന്ന് കർണാടക മന്ത്രി കൃഷ്ണ ബൈര ഗൗഡ പറഞ്ഞു.

അർജുന്റെ രക്ഷാപ്രവർത്തനത്തിന് അടിയന്തര ഇടപെടൽ വേണമെന്ന സുപ്രീം കോടതിയിലെ ഹർജി ഇന്ന് പരിഗണിച്ചേക്കും.

✪✪✪

മൂന്നാർ ചിന്നക്കനാലിൽ കാട്ടാനക്കൂട്ടത്തിന്റെ ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു. ചിന്നക്കനാൽ ടാങ്ക് കുടി സ്വദേശി കണ്ണൻ ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് അഞ്ചരയോടെ ചിന്നക്കനാൽ വണ്ണാത്തിപ്പാറയിൽ കൃഷിയിടത്തിൽ ഇറങ്ങിയ കാട്ടാന കൂട്ടത്തെ തുരത്തുന്നതിനിടയിലാണ് കണ്ണൻ ആനക്കൂട്ടത്തിന്റെ ഇടയിൽപെട്ടത്. ഒൻപത് പിടിയാനകൾ അടങ്ങുന്ന ആന കൂട്ടമാണ് കണ്ണനെ ആക്രമിച്ചത്.

രാവിലെ ജനവാസമേഖലയിൽ ഇറങ്ങിയ കാട്ടാനക്കൂട്ടത്തെ തുരുത്താൻ പ്രദേശത്തെ ആദിവാസി കുടികളിൽനിന്നും മറ്റുമായി അൻപതോളം ആളുകൾ വിവിധ ഭാഗങ്ങളിൽ നിന്നുമായി എത്തി ആനക്കൂട്ടത്തെ തുരത്താൻ ശ്രമിക്കുകയായിരുന്നു. ഇതിനിടയിലാണ് കണ്ണൻ കാട്ടാനക്കൂട്ടത്തിന് നടുവിൽപെട്ടത്.

✪✪✪

മലപ്പുറം ജില്ലയിലെ ചങ്ങരംകുളത്ത് തോണി മറിഞ്ഞ് രണ്ടു യുവാക്കൾ മരിച്ചു. കല്ലുർമ്മ സ്വദേശി ആഷിക്ക്, ചിയ്യാനൂർ സ്വദേശി സച്ചിൻ എന്നിവരാണ് മരിച്ചത്.

✪✪✪

ഫാബ്രിക്കേഷൻ ജോലിക്കിടെ കഴക്കൂട്ടത്ത് യുവാവ് ഷോക്കേറ്റു മരിച്ചു. നെടുമങ്ങാട് അയ്യപ്പൻകുഴി സ്വദേശി ലാൽ കൃഷ്ണ ആണ് മരിച്ചത്. തിരുവനന്തപുരം നഗരസഭയുടെ ഷീ-ലോഡ്ജിന്റെ ഫാബ്രിക്കേഷൻ ജോലിക്കിടെ ഡ്രില്ലിംഗ് മെഷീനിൽ നിന്നാണ് ഷോക്കേറ്റത്.

✪✪✪

കോട്ടയം കോടിമതയിൽ നിന്നും കഴിഞ്ഞ ദിവസം കാണാതായ ആളുടെ മൃതദേഹം കണ്ടെത്തി. തടത്തുംകുഴിയിൽ രവീന്ദ്രന്റെ മൃതദേഹം ആണ് കാഞ്ഞിരത്ത് മീനച്ചിലാറ്റിൽ കണ്ടെത്തിയത്.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മിഷൻ വിവരം നല്കാൻ 50 ദിവസം വൈകിപ്പിച്ച ഉദ്യോഗസ്ഥന് 12,500 രൂപ പിഴ ചുമത്തി. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പബ്ലിക് ഓഫീസർ ആരിഫ് അഹമ്മദിനാണ് അപേക്ഷകന് വിവരം നല്കാൻ കമ്മിഷൻ പറഞ്ഞിട്ടും അലംഭാവം കാട്ടിയതിന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.A.A.ഹക്കീം പിഴചുമത്തിയത്. കോഴിക്കോട് ജില്ലയിലെ ഒരു സ്കൂളിൽ അധ്യാപികയ്ക്ക് സ്ഥിരനിയമനം നല്കുന്ന വിഷയത്തിലെ രേഖാ പകർപ്പുകളാണ് ഓഫീസർ മറച്ചുവച്ചത്. കമ്മിഷന്റെ

ഉത്തരവിന് ശേഷവും വിവരം നല്കാൻ വൈകിപ്പിച്ച ഓരോ ദിവസത്തിനും 250 രൂപ ക്രമത്തിൽ 50 ദിവസത്തേക്ക് 12500 രൂപ പിഴ ചുമത്തുകയായിരുന്നു.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. എന്നാൽ വടക്കൻ ജില്ലകളിൽ ഇന്നും മഴ തുടരും. വ്യാഴാഴ്ച വരെ സംസ്ഥാനത്ത് മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

ശക്തമായ മഴ സാധ്യത പരിഗണിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

✪✪✪

ചുഴലിക്കാറ്റ് മൂലം നാശനഷ്ടങ്ങളുണ്ടായ കണ്ണൂർ പിണറായി പഞ്ചായത്തിലും ക്വാറി ഇടിഞ്ഞ് നാശനഷ്ടങ്ങളുണ്ടായ വട്ടിപ്രത്തും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സന്ദർശനം നടത്തി. പിണറായി പഞ്ചയത്തിലെ വിവിധ പ്രദേശങ്ങളിൽ ചുഴലിക്കാറ്റ് മൂലം നിരവധി വീടുകളും തെങ്ങുകളും കടപുഴകി വീണ് നാശനഷ്ടം ഉണ്ടായിരുന്നു ക്വാറി ഇടിഞ്ഞ് വട്ടിപ്രം ഭാഗത്ത് നിരവധി വീട്ടുകളിൽ വെള്ളം കയറുകയും വീടുകൾക്ക് കേടുപാട് സംഭവിക്കുകയും ചെയ്തു.

രണ്ട് പ്രദേശത്തെയും ദുരിതബാധിതരെ ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് ചെക്യാട് പഞ്ചായത്തിൽ ഇന്നലെ വീശിയടിച്ച കാറ്റിൽ വ്യാപക നഷ്ടം - 20 ഓളം വീടുകൾ ഭാഗികമായി തകർന്നു. മരം വീണ് പലയിടത്തും റോഡ് ഗതാഗതം തടസ്സപ്പെട്ടു. കൃഷി നാശവുമുണ്ടായി.

✪✪✪

വയനാട് ജില്ലയിൽ മഴയ്ക്ക് നേരിയ ശമനമായതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും ആളുകൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങി. നിലവിൽ ജില്ലയിലെ 19 ദുരിതാശ്വാസ ക്യാമ്പുകളിൽ 340 കുടുംബങ്ങളിലെ 1,198 പേരാണുള്ളത്.

✪✪✪

പൊന്നാനി, താനൂർ എന്നിവിടങ്ങളിൽ നിന്നും രണ്ടു വള്ളങ്ങളിലായി മത്സ്യബന്ധനത്തിന് പോയി യന്ത്രം തകരാറിലായി കടലിൽ കുടുങ്ങിയ 85 മത്സ്യതൊഴിലാളികളെ ഫിഷറീസ് റെസ്ക്യു ടീം രക്ഷപ്പെടുത്തി. പൊന്നാനി അഴിമുഖത്തിന് വടക്ക് ഭാഗത്ത് കടലിൽ അകപ്പെട്ട 'മഅദിൻ' എന്ന ഇൻബോർഡ് വള്ളത്തിലെ 40 മൽസ്യത്തൊഴിലാളികളെയും, താനൂർ ഹാർബറിന് പടിഞ്ഞാറ് വശം കടലിൽ അകപ്പെട്ട 'അംജദ്' എന്ന ഇൻബോർഡ് വള്ളത്തിലെ 45 മൽസ്യത്തൊഴിലാളികളെയും ആണ് ഫിഷറീസ് റെസ്ക്യൂ ടീം സഹസികമായി രക്ഷപ്പെടുത്തിയത്.

✪✪✪